LIBRARY ARCHIVES Kerala Legislative Assembly

## സിവിൽ എഞ്ചിനീയറിംഗ് ലക്ചറർമാരുടെ നിയമനം

135 [T5117] ശ്രീ. സി. മോയിൻകുട്ടി:
„ സി. മമ്മൂട്ടി:
„ വി.കെ. ഇബ്രാഹിം കുഞ്ഞ്:
„ ടി. പി. എം. സാഹിർ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലക്ചറർമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്തി;

(ബി) പി.എസ്.സി.-യിൽ നിന്നും ലഭിക്കുന്ന അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റി അനുസരിച്ചാണോ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത്;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 8 ഒഴിവുകൾ.

(ബി) അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റി അനുസരിച്ചാണ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത്. എങ്കിലും നേറ്റിവിറ്റി കൂടി പരിഗണിച്ചാണ് ഏത് സ്ഥാപനത്തിൽ നിയമിക്കണമെന്ന് തീരുമാനിക്കാറുള്ളത്.

(സി) അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റിയും നേറ്റിവിറ്റിയുമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ.

(ഡി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടില്ല.

## പോളിടെക്നിക്കുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

136 [5118] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പോളിടെക്നിക്കുകളുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പോളിടെക്നിക്കുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;